പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T. 4421 28.06.2012 – ൽ മറുപടിക്ക്**

**നെല്ല് സംഭരണത്തിന്റെ കുടിശ്ശിക**

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) നെൽകർഷകർക്ക് നൽകാനുള്ള നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; | എ) ഈ സാമ്പത്തിക വർഷം (2012-13) 75 കോടി രൂപ സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്. 2010-11 ലെ കുടിശ്ശിക ഇനത്തിലും 2011-12 ലെ സംഭരണത്തിന്റെ ആദ്യ ഗഡുവും കൂടി ഉൾപ്പെട്ടതാണ് ഈ തുക. 2011-12 ലെ സംഭരണത്തിന്റെ ബാക്കി നൽകുവാനുള്ള തുകയും 2012-13 ലെ ഒന്നാം സംഭരണ കാലയളവിൽ വേണ്ടിവരുന്ന തുകയും കൂടി ഉൾപ്പെടുത്തി സപ്ലൈകോയ്ക്ക് അധികമായി നൽകുവാനുള്ള 162 കോടി രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 20 കോടി രൂപ കൂടി സപ്ലൈകോയ്ക്ക് നൽകാൻ ഉത്തരവായിട്ടുണ്ട്. |
| ബി) ഏക്കർ ഒന്നിന് എത്ര രൂപയാണ് ഉൽപ്പാദനബോണസ് ആയി നൽകുന്നത്; | ബി) ഏക്കറിന് 140 രൂപയാണ് ഒരു വിളയ്ക്ക് ഉല്പാദന ബോണസ്സായി നൽകുന്നത്. |
| സി) നെല്ല് സംഭരണ തുക കിട്ടാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് കാലതാമസം കൂടാതെ നൽകുന്നതിന് സപ്ലൈകോ ബാങ്ക് ലോൺ എടുത്ത് വിതരണം നടത്തി വരുന്നു.<br><br>സഹകരണ സംഘങ്ങൾക്ക് കൺസ്യൂമർ ഫെഡ് കൊടുക്കുവാനുള്ള തുക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | നെല്ല് സംഭരണ കുടിശ്ശിക ഉണ്ടാകുവാനുള്ള ഭരണപരവും സാങ്കേതികവുമായ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | ഡി) | സബ്സിഡി സമയബന്ധിതമായി ലഭിക്കുവാനുള്ള കാലതാമസമാണ് പ്രധാനമായും സംഭരണ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് തടസ്സമായി വരുന്നത്. കർഷകർ യഥാസമയം നെല്ലു കൈപ്പറ്റു രസീത് ഹാജരാക്കാത്തതും വ്യക്തിപരമായ വിവരങ്ങൾ നൽകുന്നതിൽ (പ്രത്യേകിച്ചും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ) തെറ്റു വരുത്തുന്നതും തുക വിതരണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ തനതു ഫണ്ടിൽ നിന്നും ബാങ്ക് ലോൺ എടുത്ത് കർഷകരുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.<br><br>കൺസ്യൂമർ ഫെഡറേഷൻ സ്വന്തം പ്രവർത്തന ഫണ്ടിൽ നിന്നും തുക അഡ്വാൻസ് ചെയ്താണ് നെല്ല് സംഭരിക്കുന്നത്. നെല്ലിൻെറ സംഭരണ വില സഹകരണ സംഘങ്ങൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് ഫെഡറേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.